10

# ന്യായവിധി

*"മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിന്മുൻപിൽ നിൽക്കുന്നതും കണ്ടു, പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിന് തക്കവണ്ണം മരിച്ചവർക്ക് അവരുടെ പ്രവർത്തികൾക്കൊത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു, ഓരോരുത്തന്ന് അവനവന്റെ പ്രവർത്തികൾക്കടുത്ത വിധി ഉണ്ടായി" (വെളിപ്പാട് 20:12, 13).*

രണ്ടു ഭാഗങ്ങളുള്ള പാതാളത്തിലേക്ക് പോകേണ്ടതിന്ന് മരിക്കുമ്പോൾ പ്രാണനും ആത്മാവും ശരീരം വിട്ടുപോകും: ഒന്നുകിൽ വിശ്രമത്തിനും ആശ്വാസത്തിനുമായി, പറുദീസയിലേക്ക് (ലൂക്കൊസ് 23:43; 2 കൊരിന്ത്യർ 12:4; വെളിപ്പാട് 2:7) അല്ലെങ്കിൽ ടാർടായിസ്[1] എന്ന യാതനാ സ്ഥലത്തേക്ക് (2 പത്രൊസ് 2:4). ശരീരം ഒരു കല്ലറയിൽ അടക്കുവാൻ സാധ്യതയുണ്ട്. ഒരു ദിവസം യേശു മടങ്ങി വരികയും മരിച്ച എല്ലാവരെയും എഴുന്നേൽപിച്ച് ന്യായവിധിക്കായി, ജീവനോടുകൂടിയിരിക്കുന്നവരോട് കൂട്ടിച്ചേർക്കും. ഈ കാലത്തിന്റെ അവസാനം കൊയ്ത്തു നടക്കുമ്പോഴാണ് അതു സംഭവിക്കുന്നത് (മത്തായി 13:39).

മനുഷ്യ ചരിത്രത്തിലുടനീളം, ദൈവം വിവിധ രീതികളിൽ വ്യക്തികളെ, സംഘങ്ങളെ, ദേശങ്ങളെ ഒക്കെ ന്യായം വിധിച്ചിട്ടുണ്ട്.[2] മനുഷ്യന്റെ ഓരോ പ്രവർത്തിക്കും അവസാനം ന്യായവിധി ഉണ്ട് എന്നതിന്റെ സൂചനയാണ് അത്. ഈ ജീവിതത്തിൽ ഓരോ പ്രവർത്തിക്കും പ്രതിഫലമോ ശിക്ഷയോ ലഭിച്ചില്ലെന്നുവരാം, എന്നാൽ ദൈവം നമ്മുടെ ഓരോ പ്രവർത്തിക്കുമുള്ള ഫലം നിത്യതയിൽ നൽകും. ന്യായവിധി നാളിനെ ''അന്ത്യനാൾ'' (യോഹന്നാൻ 12:48), "കോപദിവസം" (റോമർ 2:5), "ക്രിസ്തുവിന്റെ നാൾ" (ഫിലിപ്പിയർ 1:6, 10), "ആ ദിവസം" (2 തെസലൊനികൃർ 1:10), "നിശ്ചയിച്ച ദിവസം" (പ്രവൃത്തികൾ 17:31), "ന്യായവിധി ദിവസം" (1 യോഹന്നാൻ 4:17), "മഹാ ദിവസം" എന്നും വിളിച്ചിരിക്കുന്നു (യൂദാ 6).

അതിനെ "കർത്തൃദിവസം" എന്നു പറഞ്ഞിട്ടില്ല, കാരണം വെളിപ്പാട് 1:10 ലെ "കർത്തൃദിവസം" എന്നതു ഞായറാഴ്ച്ചയാണ്, ചിലർ തെറ്റിദ്ധരിച്ചിരിക്കുന്നതുപോലെ, അതിനെ ന്യായവിധി നാളായി തെറ്റിദ്ധരിക്കരുത്:

> [വെളിപ്പാട് 1:10 ലെ "കർത്തൃദിവസം"] എന്നത് "കർത്താവിന്റെ നാൾ" എന്നതിനു പകരം വെറുതെ പറഞ്ഞിരിക്കുന്നതാണെന്ന് ചിലർ വാദിക്കുന്നുണ്ടെങ്കിലും, ന്യായവിധി നാൾ എന്നതു പഴയനിയമത്തിലും പുതിയ നിയമത്തിലും അടിക്കടി ഉപയോഗിച്ചിട്ടുള്ളത് ... കർത്തൃദിവസം എന്നത് ഞായറാഴ്ച്ചയായി മിക്ക പണ്ഡിതന്മാരും തീർച്ചയാക്കിയിട്ടുണ്ട് ... ആ തീർപ്പ് കാനോനിക-മല്ലാത്ത പ്രാരംഭ ക്രിസ്തീയ എഴുത്തുകളിലും "കർത്തൃ

ദിവസം" എന്നതു ഞായറാഴ്ച്ചയായി സ്ഥിരീകരിച്ചിട്ടുണ്ട് (ഉദാ., ഡിഡാക്കേ 14:1; ഇഗ്നേഷിയസ്, മാഗ്നേഷ്യൻസ് 9:1; ക്ലമെന്റ് ഓഫ് അലക്സാണ്ട്രിയ, സ്ട്രൊമാറ്റ 7:12; തെർത്തൂലിയൻ, ഓൺ ഐഡോലേറ്ററി, ചാ. 14).[4]

## അതിന്റെ സമയം

ന്യായവിധി നടക്കുന്നത് യേശു വീണ്ടും വരുമ്പോഴാണ് (മത്തായി 25:31–33; വെളിപ്പാട് 20:11, 12). അത് എപ്പോൾ സംഭവിക്കുമെന്നത് പിതാവിനു മാത്രമെ അറിയാവു എന്നാണ് യേശു പറഞ്ഞത് (മത്തായി 24:36) അതിനർത്ഥം ഭൂമിയിലെ ആർക്കും ന്യായവിധി ദിവസം എപ്പോഴാണെന്ന് അറിയുകയില്ല എന്നാണ്.

## അതിന്റെ തീർച്ച

അവൻ ന്യായം വിധിക്കും എന്നതിനേക്കാൾ പ്രാധാന്യമുള്ളതല്ല, ദൈവം എപ്പോൾ ന്യായം വിധിക്കും എന്നത്. ബൈബിൾ മുന്നറിയിക്കുന്നു, "ദൈവം നല്ലതും തീയതുമായ സകല പ്രവൃത്തിയേയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്ക് വരുത്തുമല്ലോ" (സഭാപ്രസംഗി 12:14).

യേശുവിനെ ഉയർപ്പിച്ചതിനാൽ ദൈവം ലോകത്തെ ന്യായം വിധിപ്പാൻ ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു എന്ന ഉറപ്പ് നൽകിയിരിക്കുന്നു (പ്രവൃത്തികൾ 17:31). ന്യായവിധി എല്ലാവർക്കുമുള്ളതായി നിയമിച്ചിരിക്കുന്നു. പൗലൊസ് പറഞ്ഞു, "അവനവൻ ശരീരത്തിലിരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു" (2 കൊരിന്ത്യർ 5:10).

## അതിന്റെ സംഭവങ്ങൾ

നിർണ്ണായകമായ ആ ന്യായവിധി നാളിൽ എല്ലാ മനുഷ്യരേയും ന്യായം വിധിക്കും.

യേശു സ്വർഗത്തിൽനിന്ന് തന്റെ സകല മഹത്വത്തോടും ദൂതന്മാരോടും കൂടെ (മത്തായി 25:31) തീജ്വാലയിൽ ഇറങ്ങി വന്ന് (2 തെസലൊനിക്യർ 1:7) തന്റെ ന്യായപീഠമായ, തേജസുള്ള സിംഹാസനത്തിലിരിക്കും (മത്തായി 25:31, 32; 2 കൊരിന്ത്യർ 5:10; വെളിപ്പാട് 20:11).

(2) പാതാളവും മരണവും അവയിലുള്ള മരിച്ചവരെ വിട്ടുകൊടുക്കും (വെളിപ്പാട് 20:13).

(3) മരിച്ചവരും ഭൂമിയിൽ ജീവനോടെയിരിക്കുന്നവരുമെല്ലാം ദൂതന്മാരാൽ ചേർക്കപ്പെടും (മത്തായി 13:39) യേശുവിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടും (2 കൊരിന്ത്യർ 5:10; വെളിപ്പാട് 20:12) അതു ന്യായവിധിക്കാണ് (പ്രവൃത്തികൾ 10:42; 2 തിമൊഥെയൊസ് 4:1).

(4) ആകാശവും ഭൂമിയും നശിക്കപ്പെടും (വെളിപ്പാട് 20:11; 2 പത്രൊസ് 3:7–12).

(5) പുസ്തകങ്ങൾ തുറക്കും (വെളിപ്പാട് 20:12).

(6) നമ്മുടെ പ്രവൃത്തികൾക്കനുസരിച്ച്, പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിനനുസരിച്ച് നാം എല്ലാവരും വിധിക്കപ്പെടും (യോഹന്നാൻ 12:48; വെളിപ്പാട് 20:13).

(7) നീതിമാന്മാരെ ആദ്യം വിധിക്കും (മത്തായി 25:34–40; 1 പത്രൊസ് 4:17).

(8) പിന്നെ ദുഷ്ടന്മാരെ വിധിക്കും (മത്തായി 25:41–46).

(9) ന്യായവിധി ശരിയാണെന്ന് കാണിക്കുവാൻ യേശു നമ്മുടെ രേഖകൾ പുനരവലോകനം നടത്തും (മത്തായി 25:34–46).

(10) നമ്മുടെ അന്തിമ സ്ഥാനത്തേക്കാണ് വിധി നടപ്പാക്കുന്നത് (മത്തായി 25:34–46).

## അതിന്റെ ഏർപ്പാട്

ദൈവം തീർച്ചയായും ന്യായം വിധിക്കുമെന്നാണ് ബൈബിൾ പറയുന്നത് (സങ്കീർത്തനങ്ങൾ 96:10; സഭാപ്രസംഗി 12:14; റോമർ 2:3; 14:12; 1 കൊരിന്ത്യർ 5:13; എബ്രായർ 12:23) ന്യായാധിപൻ ഒന്നു മാത്രമാണ് (യാക്കൊബ് 4:12). “ദൈവം” എന്ന വാക്ക് പിതാവിനും പുത്രനും ഉപയോഗിച്ചിരിക്കുന്നതുകൊണ്ട് (യോഹന്നാൻ 1:1, 2) “ദൈവം വിധിക്കുമോ” എന്നതല്ല ചോദ്യം, പിന്നെയോ “പിതാവാണോ പുത്രനാണോ വിധിക്കുന്നത്?” എന്നാണ്.

ന്യായവിധിയിൽ പിതാവും ഉൾപ്പെടുന്നുണ്ടെങ്കിലും, പിതാവ് പുത്രനായ യേശു മുഖാന്തരമാണ് വിധിക്കുന്നത് (പ്രവൃത്തികൾ 17:31; റോമർ 2:16); അതുകൊണ്ട്, ഇങ്ങനെ പറയാം, “പിതാവ് ആരെയും ന്യായംവിധിക്കാതെ ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു” (യോഹന്നാൻ 5:22). ആ സത്യത്തോടു മറ്റു പുതിയനിയമ ഭാഗങ്ങളും യോജിക്കുന്നു.[5] ദൈവത്തിന്റെയും ക്രിസ്തുവിന്റേയും ന്യായ പീഠം ഒന്നുതന്നെയാണ് (റോമർ 14:10; 2 കൊരിന്ത്യർ 5:10).

ചിലർ ചിത്രീകരിച്ചിരിക്കുന്നതുപോലെ ന്യായവിധി രംഗത്ത് സിംഹാസനത്തിൽ യേശുവോടുകൂടി പിതാവിനെ കാണുകയില്ല. ഇപ്പോൾ യേശു അത്തരത്തിൽ നമ്മുടെ നിയമകാര്യ പ്രതിപുരുഷനായി പ്രതിരോധിച്ചു പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത് (1 യോഹന്നാൻ 2:1, 2). ന്യായവിധിനാളിൽ യേശു തന്റെ ന്യായപീഠമായ, സിംഹാസനത്തിലിരുന്ന്, എല്ലാവരേയും ന്യായം വിധിക്കും (മത്തായി 25:31, 32; 2കൊരിന്ത്യർ 5:10).

മറ്റുള്ളവർ ലോകത്തെ വിധിക്കുന്നതിനെ കുറിച്ച് ചില ചോദ്യങ്ങൾ ഉയർന്നേക്കാം. ഒന്നാമത്, യിസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളേയും അപ്പൊസ്തലന്മാർ ന്യായം വിധിക്കുമെന്ന് യേശു പറഞ്ഞു (മത്തായി 19:28). അവർ എപ്പോഴാണ് വിധിക്കുന്നത്? അവർ വർത്തമാന കാലത്തിൽ ആത്മീയമായിട്ടാണോ വിധിക്കുന്നത്? യിസ്രായേലിന്റെ ചരിത്രത്തിൽ ന്യായാധിപന്മാർ ചെയ്തതുപോലെ (ന്യായാധിപന്മാർ 2:16), അതോ, ലോകാവസാനത്തിലാണോ അവർ വിധിക്കുന്നത്?

രണ്ടാമത്, വിശുദ്ധന്മാർ ലോകത്തെയും ദൂതന്മാരെയും വിധിക്കും എന്നു പറഞ്ഞിരിക്കുന്നു (1 കൊരിന്ത്യർ 6:2, 3). നോഹയുടെ കാലത്ത് അവൻ ലോകത്തെ കുറ്റം വിധിച്ചതുപോലെ, ദൈവത്തെ അനുസരിക്കുന്നതിനാലാണോ അവർ വിധിക്കപ്പെടുന്നത്, അവർ യേശുവിനോടുകൂടെ സിംഹാസനത്തിൽ വ്യവഹാരവിചാരക സമിതി ആയി കുറ്റം വിധിക്കുമോ?

മൂന്നാമത്, രക്തസാക്ഷികളായി മരിച്ച വിശുദ്ധന്മാർ സിംഹാസനങ്ങളിൽ ഇരിക്കുന്നതായി വിവരിച്ചിരിക്കുന്നു. വെളിപ്പാട് 20:4 പറയുന്നു, “ന്യായവിധി അവർക്ക് കൊടുത്തിരിക്കുന്നു.” ഇതു അക്ഷരികമായി എടുക്കാമോ? ഇത്

അവസാനനാളിൽ നടക്കുന്ന ന്യായവിധി ആണോ? അവരുടെ ന്യായവിധി "ആയിരാമാണ്ട് മുഴുവനും" ഉണ്ടായിരിക്കുമോ? അവരുടെ ന്യായവിധി അവരുടെ സന്ദേശത്തിലായിരുന്നോ, അതോ അന്ത്യനാളിൽ അവർ ക്രിസ്തുവിനോടുകൂടി ഇരുന്ന് ന്യായം വിധിക്കുമോ?

ന്യായാധിപൻ ഒന്നാണെന്ന് യാക്കൊബ് പറഞ്ഞിട്ടുള്ളതിനാൽ (യാക്കൊബ് 4:12), യേശുവിനെ ഒഴിച്ച് മറ്റുള്ളവരെയെല്ലാം നീക്കം ചെയ്യുന്നു. അക്കാരണത്താൽ, മുകളിൽ പറഞ്ഞവരുടെ വിധി ജീവിതങ്ങൾ താരതമ്യം ചെയ്യുന്നതിലൂടെ ഉള്ളതാണ്. യേശുവിന്റെ പ്രസ്താവന തന്നെ അതിന് നല്ല ഒരു ഉദാഹരണമാണ്, "നിനെവേക്കാർ ന്യായവിധിയിൽ ഈ തലമുറയോട് ഒന്നിച്ച് എഴുന്നേറ്റു അതിനെ കുറ്റം വിധിക്കും. അവർ യോനയുടെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടുവല്ലൊ. ഇതാ, ഇവിടെ യോനയിലും വലിയവൻ" (മത്തായി 12:41).

## അതിന്റെ നിലവാരം

എന്തു നിലവാരം വെച്ചുകൊണ്ടാണ് യേശു നമ്മുടെ ജീവിതത്തെ അളക്കുന്നത്? വെളിപ്പാട് 20:12 പറയുന്നു, "മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നിൽക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു, ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു. പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി." ആ പുസ്തകങ്ങൾ ബൈബിളിലെ പുസ്തകങ്ങൾ ആയിരിക്കാം. റോമർ 2:16-ൽ സുവിശേഷമായിരിക്കും നമ്മെ ന്യായം വിധിക്കുന്നതിന്റെ മാനദണ്ഡം എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു; എങ്ങനെയായാലും, ആ വാക്യം നന്നായി തർജിമ ചെയ്തിട്ടുണ്ട്, "... എന്റെ സുവിശേഷം അനുസരിച്ച്, ദൈവം ക്രിസ്തുയേശു മുഖാന്തരം സകല രഹസ്യങ്ങളേയും വിധിക്കും."

ക്രിസ്തീയകാലത്ത്, എല്ലാവരേയും ഏതു നിലവാരത്തിലാണ് വിധിക്കുന്നതെന്നതിന് യേശുവിന്റെ ഒരു പ്രസ്താവന ഉത്തരം നൽകുന്നു. അവൻ പറഞ്ഞു, "എന്റെ വചനങ്ങളെ തള്ളിക്കളഞ്ഞ്, എന്നെ തള്ളിക്കളയുന്നവനെ വിധിക്കുന്നവൻ ഉണ്ട്; ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ തന്നെ ഒടുക്കത്തെ നാളിൽ നിങ്ങളെ ന്യായം വിധിക്കും ..." (യോഹന്നാൻ 12:48-50).

ക്രിസ്തീയകാലത്തിന് മുൻപ് ജീവിച്ചിരുന്നവരെ വിധിക്കുന്നതു മറ്റൊരു നിലവാരപ്രകാരമാണ്. പൗലൊസ് എഴുതി, "ന്യായപ്രമാണം ഇല്ലാതെ പാപം ചെയ്തവർ ഒക്കെയും ന്യായപ്രമാണം കൂടാതെ നശിച്ചുപോകും, ന്യായപ്രമാണം ഉണ്ടായിട്ടു പാപം ചെയ്തവർ ഒക്കെയും ന്യായപ്രമാണത്താൽ വിധിക്കപ്പെടും; ന്യായപ്രമാണം കേൾക്കുന്നവരല്ല ദൈവസന്നിധിയിൽ നീതിമാന്മാർ, ന്യായപ്രമാണം ആചരിക്കുന്നവരത്രേ നീതീകരിക്കപ്പെടുന്നത്" (റോമർ 2:12, 13). ഒരാൾ ജീവിച്ച കാലയളവിൽ ദൈവം ആവശ്യപ്പെട്ടതനുസരിച്ചായിരിക്കും ന്യായവിധി.

നാം ഈ കാലത്ത് ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് യേശുവിന്റെ വചനപ്രകാരമായിരുന്നോ എന്ന അളവുകോലാണ് നമ്മെ വിധിക്കുന്നതിന്റെ മാനദണ്ഡം (2 കൊരിന്ത്യർ 5:10). അതിൽ നാം ചെയ്ത രഹസ്യകാര്യങ്ങളും ഉൾപ്പെടും (റോമർ 2:16), നാം മറ്റുള്ളവരെ വിധിച്ചതിനും (മത്തായി 7:1, 2; യാക്കൊബ് 2:13), നമ്മുടെ വാക്കുകൾക്കും (മത്തായി 12:36, 37), നമ്മുടെ

പ്രവർത്തികൾക്കും ചെയ്തികൾക്കും (മത്തായി 16:27; റോമർ 2:6; 1 പത്രൊസ് 1:17), നമ്മുടെ ഹൃദയനിരൂപണങ്ങൾക്കും (1 കൊരിന്ത്യർ 4:5).

ക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നവർക്ക് (റോമർ 3:25; പ്രവൃത്തികൾ 2:38) നമ്മുടെ പാപങ്ങൾ കഴുകി കളയുവാൻ കഴിയുന്നു എന്നത് സുവാർത്തയാണ് (പ്രവൃത്തികൾ 22:16; വെളിപ്പാട് 1:5). നമുക്ക് എതിരെ കുറ്റം ആരോപിക്കുവാനില്ലെങ്കിൽ നമുക്ക് "വിശുദ്ധരും നിഷ്ക്കളങ്കരും അനിന്ദ്യരുമായി" അവന്റെ മുൻപിൽ നിൽക്കാം (കൊലൊസ്യർ 1:22). നമ്മുടെ തെറ്റുകൾ യേശു തിരുത്തി. അത് അങ്ങനെയാണെങ്കിൽ, ദൈവം നമ്മുടെ പാപങ്ങൾ ഇനി ഓർക്കയില്ല (എബ്രായർ 8:12), അതുകൊണ്ട്, അവയൊന്നും ന്യായവിധി നാളിൽ നമുക്ക് എതിരായി ഉയരുകയില്ല.

അന്ന് ദൈവം മുഖപക്ഷം കാണിക്കുകയില്ല. അവൻ മുഖപക്ഷം കൂടാതെ ന്യായവിധി നടത്തും (റോമർ 2:11; 1 പത്രൊസ് 1:17). നാം അവനെ ബഹുമാനിച്ച് അവന്റെ ഇഷ്ടം അനുസരിച്ച് ജീവിച്ചാൽ, അവൻ നമ്മെ സ്വീകരിക്കും (മത്തായി 7:21); എന്നാൽ നാം അവനെ പിൻപറ്റിയില്ലെങ്കിൽ, അവൻ നമ്മെ തള്ളിക്കളയും.

ന്യായവിധി നീതിയും വിശുദ്ധിയും അനുസരിച്ചായതുകൊണ്ട് (പ്രവൃത്തികൾ 17:31), ദൈവത്തിന്റെ തന്നെ വിശുദ്ധിയാണ് അവന്റെ നിലവാരം (1 പത്രൊസ് 1:15, 16). അതുകൊണ്ടാണ് നാം യേശുവിനെപോലെ വളരേണം എന്ന് പറയുന്നത് (എഫെസ്യർ 4:13), നമ്മുടെ ജീവിതത്തിൽ നാം മാതൃകയാക്കേണ്ടതും യേശുവിനെയാണ് (1 യോഹന്നാൻ 2:6). നാം ഇ ലോകത്തിൽ അവനെ പോലെയാണെങ്കിൽ നമുക്ക് ന്യായവിധിയിൽ ആത്മവിശ്വാസമുണ്ടാകും (1 യോഹന്നാൻ 4:17).

നമ്മെക്കുറിച്ചുള്ള അവന്റെ പൂർണ്ണമായ അറിവിന്റെ അടിസ്ഥാനത്തിൽ (എബ്രായർ 4:13), തുറന്നതായാലും, മറഞ്ഞിരിക്കുന്നതായാലും, നമ്മുടെ ഓരോ പ്രവൃത്തിയേയും ദൈവം ന്യായം വിധിക്കും (സഭാപ്രസംഗി 12:14), അതു കർശനവും ന്യായവുമായിരിക്കും. മറ്റുള്ളവരോട് കരുണ കാണിച്ചവരോട് അവൻ കരുണ കാണിക്കും; എങ്ങനെയായാലും, "കരുണ കാണിക്കാത്തവന്ന് കരുണയില്ലാത്ത വിധിയായിരിക്കും" (മത്തായി 5:7; യാക്കൊബ് 2:13).

വലിയ അവസരങ്ങളും പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങളും സ്ഥാനങ്ങളും ലഭിച്ചവരെ ദൈവം വളരെ കർശനമായിട്ടായിരിക്കും വിധിക്കുക. നമുക്ക് ഉള്ളതനുസരിച്ച് നാം ദൈവത്തെ സേവിക്കണമെന്നും അതനുസരിച്ചായിരിക്കും നമ്മെ വിധിക്കുന്നതെന്നും താലന്തുകളുടെ ഉപമ മുഖാന്തരം കർത്താവ് നമ്മെ പഠിപ്പിക്കുന്നു (മത്തായി 25:14–30). ആ ഉപമയിലെ തത്വം നമുക്ക് താഴെ പറയുന്ന വേദഭാഗത്ത് കാണാം: "വളരെ ലഭിച്ചവനോട് വളരെ ആവശ്യപ്പെടും, അധികം ഏറ്റുവാങ്ങിയവനോട് അധികം ചോദിക്കും" (ലൂക്കൊസ് 12:48). ദൈവ വചനം എടുത്ത് സംസാരിക്കുന്നവർ വളരെ ഉത്തരവാദിത്തമുള്ള സ്ഥാനത്താണ്. അതുകൊണ്ടാണ് ദൈവം മുന്നറിയിച്ചിരിക്കുന്നത്, "സഹോദരന്മാരേ, അധികം ശിക്ഷാവിധി വരും എന്നറിഞ്ഞ് നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത്" (യാക്കൊബ് 3:1). കഴിവിന്റെയും അവസരത്തിന്റെയും അടിസ്ഥാനത്തിലാണ് ദൈവം ന്യായം വിധിക്കുന്നത്.

ന്യായവിധി അവസാനമായിരിക്കും (മത്തായി 25:31–46); അതുകൊണ്ട്,

ദൈവത്തോട് വാദിക്കുവാനുള്ള ഏതൊരു ശ്രമവും വൃഥാവായിരിക്കും. തങ്ങളും അനുസരണക്കേടായുള്ള ജീവിതത്തെ ന്യായീകരിക്കുവാൻ ശ്രമിക്കുന്നവരോട് യേശു പറയും, "അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ" (മത്തായി 7:21-23).

ഓരോ വ്യക്തിയുടേയും ജീവിതം പുനരവലോകനം നടത്തുന്നതിനു മുൻപു തന്നെ ഓരോരുത്തർക്കുമുള്ള വിധി യേശുവിന് അറിയാം. ഭൂതകാലജീവിതം അവന് അറിയാവുന്നതുപോലെ വർത്തമാനകാലവും (മത്തായി 25:34), അവനുള്ളവർ ആരെന്നും (2 തിമൊഥെയൊസ് 2:19; യോഹന്നാൻ 10:14, 27). ദുഷ്ടന്മാരെ വിധിക്കുവാൻ ദൈവം പണ്ടു തന്നെ ആലോചിച്ചിരുന്നു (2 പത്രോസ് 2:3), ന്യായവിധി നാൾ, യേശു തല ചൊറിഞ്ഞ് ആരെ സ്വർഗത്തിലേക്ക് അയക്കും ആരെ നരകത്തിലേക്ക് അയക്കുമെന്ന് ആലോചിക്കുന്ന സമയമല്ല. ആരെല്ലാം എവിടെ പോകുമെന്ന് അവൻ അറിഞ്ഞുകഴിഞ്ഞിരിക്കുന്നു. അവൻ നമുക്ക് തരുന്ന ശിക്ഷ ന്യായമാണെന്ന് നമ്മെ ബോധ്യപ്പെടുത്തുവാൻ നമ്മുടെ ജീവിതത്തെ അവൻ നമുക്ക് തുറന്നു കാണിക്കും, അതിനു ശേഷമാണ് വിധി പ്രസ്താവിക്കുന്നത്.

## അതിന്റെ ഉദ്ദേശം

"എല്ലാവരും" വിധിക്കപ്പെടുമെന്ന് ബൈബിൾ തെറ്റുകൂടാതെ പ്രഖ്യാപിച്ചിരിക്കുന്നു (യൂദാ 15). മരിച്ച ശരീരങ്ങളെല്ലാം ഉയർക്കുന്നതുവരെ അതു സംഭവിക്കുകയില്ല. ദൈവം എല്ലാവരെയും ന്യായം വിധിക്കും എന്നതിന്റെ തെളിവാണ് യേശുവിന്റെ ഉയർത്തെഴുന്നേൽപ് (പ്രവൃത്തികൾ 17:31). നീതിമാന്മാരും നീതികെട്ടവരും ഉയർത്തെഴുന്നേൽക്കും (യോഹന്നാൻ 5:28, 29; പ്രവൃത്തികൾ 24:15), അതു ന്യായം വിധിക്കുവാനാണ് (2 കൊരിന്ത്യർ 5:10; 1 പത്രൊസ് 4:4, 5; 2 പത്രൊസ് 2:9). അതിൽ എല്ലാ ദേശക്കാരുടേയും നന്മയും തിന്മയും ഉൾപ്പെടും (മത്തായി 25:31-46), നീതിമാന്മാരായി മരിച്ചവരും ദുഷ്ടന്മാരായി മരിച്ചവരും (വെളിപ്പാട് 20:11-15), ഒരുപക്ഷെ ദൂതന്മാരും ഉൾപ്പെട്ടേക്കാം (1 കൊരിന്ത്യർ 6:3; 2 പത്രൊസ് 2:4). പിശാചിന്നും അവന്റെ ദൂതന്മാർക്കും ന്യായവിധിയിൽ വിചാരണയുണ്ടായിരിക്കയില്ല. അവരുടെ ശിക്ഷാവിധി മുൻകൂട്ടി നിശ്ചയിച്ചുകഴിഞ്ഞിരിക്കയാൽ അവരുടെ ജീവിതം പുനരവലോകം നടത്തി വിധി ന്യായമെന്ന് കാണിക്കേണ്ട ആവശ്യമില്ല (മത്തായി 25:41; വെളിപ്പാട് 20:10).

## ഉപസംഹാരം

ദൈവ നീതി നിമിത്തമാണ്, അവൻ "ലോകത്തെ നീതിയിൽ ന്യായം വിധിക്കുന്നതും" (പ്രവൃത്തികൾ 17:31), അവന്റെ വിധി നീതിയുള്ളതാകുന്നതും (യോഹന്നാൻ 5:30). ന്യായവിധി ഗൗരവമുള്ളതാണ്: "കർത്താവ് തന്റെ ജനത്തെ ന്യായം വിധിക്കും." "ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് ഭയങ്കരം" (എബ്രായർ 10:30, 31). മനഃപ്പൂർവ്വം പാപം ചെയ്യുന്നവർക്ക് "ന്യായവിധിക്കായി ഭയങ്കരമായോരു പ്രതീക്ഷയും എതിരാളികളെ ദഹിപ്പിപ്പാനുമുള്ള ക്രോധാഗ്നിയുമേയുള്ളു" (എബ്രായർ 10:26, 27).

നാം അവനെ അനുസരിച്ചാൽ രക്ഷ പ്രാപിക്കേണ്ടതിന് ദൈവസ്നേഹം നമുക്കായി നൽകിയിരിക്കുന്നു (യോഹന്നാൻ 3:16). ക്രിസ്ത്യാനികളായി തീരുവാനുള്ള അവന്റെ കല്പനകൾ ഇവയാണ്:നമ്മുടെ പാപങ്ങളിൽനിന്നു

മാനസാന്തരപ്പെടുക (പ്രവൃത്തികൾ 17:30, 31), യേശു ദൈവപുത്രനാണെന്ന് ഏറ്റുപറയുക (റോമർ 10:10), പാപമോചനത്തിനായി സ്നാനമേൽക്കുകയും ചെയ്യുക (പ്രവൃത്തികൾ 2:38; 22:16). പിന്നെ നാം അവന്റെ മക്കളായി വളർന്ന് പക്വത പ്രാപിക്കണം (1 പത്രൊസ് 2:2). നാം ഒരുങ്ങുന്നതോടൊപ്പം മറ്റുള്ള വരെ ദൈവേഷ്ടം പഠിപ്പിച്ച് അവരെയും ഒരുങ്ങുവാൻ സഹായിക്കണം.

---

കുറിപ്പുകൾ

[1]2 പത്രൊസ് 2:4-ൽ ഒരു പ്രാവശ്യം മാത്രം കാണുന്ന "ടാർട്ടാറസ്" എന്ന വാക്ക് നമുക്ക് കിട്ടിയത് ഗ്രീക്ക് വാക്കായ *ടാർടാറോസി*ൽ നിന്നാണ്. മിക്ക വെർഷനുകളിലും അതു "ഹെൽ" എന്ന് തർജിമ ചെയ്തിരിക്കുന്നെങ്കിലും, അതു മരിച്ചവർപോകുന്ന സ്ഥല മായ ഹേഡസ് ആയോ, അല്ലെങ്കിൽ നിത്യമായി കത്തിക്കൊണ്ടിരിക്കുന്ന ഗെഹെന്നാ ആയോ തെറ്റിദ്ധരിക്കരുത്. കൂടുതൽ വിവരങ്ങൾക്ക് "മരിച്ചവരുടെ ഇടക്കുള്ള സ്ഥാനം" എന്ന പാഠം നോക്കുക. [2]ദൈവം ആദാമിനേയും ഹവ്വയേയും (ഉൽപത്തി 3:19-23) കയ്യീ നേയും (ഉൽപത്തി 4:9-12) നോഹയുടെ കാലത്തെ ലോകത്തെയും (ഉൽപത്തി 6:5-7), സോദോമിനേയും ഗൊമോരയേയും (ഉൽപത്തി 19:27-29), മിസ്രയിമിനേയും (പുറപ്പാട് 12:12), നാദാബിനേയും അബിഹുവിനേയും (ലേവ്യാപുസ്തകം 10:1-3), അഹരോനെയും മിരിയാമിനേയും (സംഖ്യാപുസ്തകം 12:1-15), കോരഹിനേയും (സംഖ്യാപുസ്തകം 16:1-49), മോശെയെയും (സംഖ്യാപുസ്തകം 20:10-12), ഉസയേയും (2 ശമുവേൽ 6:6-8), ദാവീദിനേയും (2 ശമുവേൽ 12:1-14), യിസ്രായേൽ രാജ്യങ്ങളേയും (2 രാജാക്കന്മാർ 17:7-18), യെഹൂദ്യയേയും മറ്റനേകരേയും വിധിക്കുകയുണ്ടായി (2 ദിനവൃത്താന്തം 36:15-21). [3]കുരിയാകോസ് എന്ന ഗ്രീക്ക് അഡ്ജക്ടീവ് ആണ് "കർത്താവിന്റെ" എന്നത്, 1 കൊരിന്ത്യർ 11:20 ലും ഉപയോഗിച്ചിട്ടുണ്ട്. [4]എച്ച്. വാട്ടർമാൻ "ദ ലോർഡ്സ് ഡേ" *ദ സോണ്ടർവാൻ പിക്ച്ചോറിയൽ എൻസൈക്ലോപീഡിയ ഓഫ് ദ ബൈബിൾ,* വാല്യം, 3 എഡി., മെറിൽ സി. ടെനി (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: സോണ്ടർവാൻ, 1975), 965. ഡബ്ലിയു. ഈ. വൈൻ, മെറിൽ സി. അങ്കർ, ആന്റ് വില്യം വൈറ്റ്, ജൂനിയർ, "ഡേ," വൈൻസ് കംപ്ലീറ്റ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ഓൾഡ് ആൻഎറ് ന്യൂടെസ്റ്റ മെൻര് വേർഡ്സ് (നാഷില്ലെ: തോമസ് നെൽസൺ പബ്ലിഷേഴ്സ്, 1985), 146. [6]മത്തായി 16:27; പ്രവൃത്തികൾ 10:42; 17:31; 2 തിമൊഥെയൊസ് 4:1 നോക്കുക.